## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3544

14/10/2011-ൽ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് റോഡ് നിർമ്മാണം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ:

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട്, ജിഡ ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി വ്യക്തമാക്കുമോ; തടസ്സം നീക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട്, ജിഡ ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തടസ്സങ്ങൾ ഇല്ല. എന്നാൽ സ്ഥലമുടമകളിൽ നിന്നും ആധാരത്തിന്റെ പകർപ്പ്, കരമടച്ച രശീതികൾ, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വാങ്ങി ജില്ലാകളക്ടർ നിശ്ചയിച്ചിരിക്കുന്ന സ്ഥല വിലയും, 30% സൊലേഷ്യവും, ചമയങ്ങളുടെ വിലയും, കെട്ടിടങ്ങൾക്കും, മതിൽ മുതലായവയ്ക്ക് കാലപ്പഴക്കം കണക്കാക്കാതെയുള്ള വില യും നൽകി ആധാരം രജിസ്റ്റർ ചെയ്തിട്ടാണ് മുളവുകാട് റോഡ് വികസന ത്തിനുള്ള സ്ഥലം കൈവശപ്പെടുത്തുന്നത്. ചില സ്ഥലമുടമകളിൽ നിന്നും ആവശ്യമായ രേഖകൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതി നാൽ പദ്ധതി നടപ്പിലാക്കുവാൻ താമസം നേരിടുന്നുണ്ട്. ജിഡയുടെ 6/11/08 ലെ ജനറൽ കൗൺസിലിലെ 20-ാം നമ്പർ തീരുമാന പ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പിനായി M/S കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് നിയോഗിച്ചിരി ക്കുന്നത്. ആവശ്യമായ രേഖകൾ എത്രയും വേഗം ലഭ്യമാക്കുവാൻ കിറ്റ്കോ നടപടി എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ